**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **14-03-2022 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭത്തിൽ നശിച്ച റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭത്തിൽ നാശം വന്ന റോഡുകൾ പുനർനിർമ്മിക്കാൻ സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞാൽ റോഡുകളുടെ പണി പൂർത്തിയാകുന്നതുവരെ പാലിക്കേണ്ട നടപടിക്രമങ്ങൾ ഘട്ടം ഘട്ടമായി വിശദമാക്കാമോ; | (എ) | പ്രകൃതി ക്ഷോഭത്തിൽ നാശം സംഭവിച്ച റോഡുകൾ പുനർനിർമ്മിക്കാൻ സർക്കാർ ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അയച്ചു നല്കുന്നു. തുടർന്ന് 'പ്രൈസ് സോഫ്റ്റ് വെയർ' മുഖാന്തിരം തയ്യാറാക്കിയ എസ്റ്റിമേറ്റും അനുബന്ധരേഖകളും സഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ നിർവ്വഹണാനുമതിക്കായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നു. ജില്ലാ കളക്ടറിൽ നിന്നും നിർവ്വഹണാനുമതി ലഭിക്കുന്ന എസ്റ്റിമേറ്റുകൾക്ക് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും എഗ്രിമെന്റിലേർപ്പെടുകയും ചെയ്യുന്നു. തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ച് എം.ബുക്കും അന്തിമബില്ലും എഗ്രിമെന്റിന്റെ പകർപ്പും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും ഉൾപ്പെടെ സമർപ്പിക്കുമ്പോൾ പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയ ശേഷം ജില്ലാ കളക്ടർ അന്തിമബിൽ പരിശോധിച്ച് ബിൽത്തുക നിർവഹണ ഉദ്യോഗസ്ഥന് അനുവദിക്കുകയും ചെയ്യുന്നതാണ് നിലവിലെ നടപടിക്രമം. |
| (ബി) | സർക്കാർ ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ കഴിയാതെ അനിശ്ചിതാവസ്ഥയിലാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സർക്കാർ ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം പരിശോധിച്ചാണ് നടപ്പിലാക്കുന്നത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ചില പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലുള്ള മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്തതിനാൽ അത്തരം പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുള്ള റോഡ് നിർമാണത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി റോഡിന്റെ പാർശ്വഭിത്തി |

| | | | |
|---|---|---|---|
| | | | നിർമാണത്തിനും ഓട നിർമാണത്തിനുമുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു കേന്ദ്ര ആഭ്യന്തര മന്ത്രിയ്ക്ക് നേരിട്ട് നിവേദനം നല്കിയിട്ടുണ്ട്. ഭരണാനുമതി നല്കിയവയിൽ ചില പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കുന്നതിനാൽ അത്തരം പ്രവൃത്തികൾ നടപ്പിലാക്കേണ്ടി വരുന്നില്ല. കൂടാതെ കോവിഡ്-19 മഹാമാരി, 2019, 2020, 2021 വർഷങ്ങളിൽ നടന്ന പൊതു തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടങ്ങൾ, പ്രളയക്കെടുതികൾ എന്നിവ കാരണം ചില പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. ആയത് കണക്കിലെടുത്ത് 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതിന് 2022 മാർച്ച് 31 വരെ സമയം നീട്ടി നല്കിയിട്ടുണ്ട്. കൂടാതെ അപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാർ തീയതി മുതൽ ആറ് മാസത്തെ സമയവും അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുള്ള പ്രവൃത്തികൾ എല്ലാം സംസ്ഥാന കേന്ദ്രത്തിൽ പരിശോധിക്കാനും സുതാര്യമാക്കാനുമായി ഒരു ഡാഷ് ബോർഡ് തയ്യാറാക്കാനുള്ള നടപടികൾ പരിഗണനയിലാണ്. |
| (സി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സർക്കാർ ഭരണാനുമതി നല്കുന്ന പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം പരിശോധിച്ചാണ് നടപ്പിലാക്കുന്നത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ചില പ്രവൃത്തികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലുള്ള മാനദണ്ഡപ്രകാരം അനുവദനീയമല്ലാത്തതിനാൽ അത്തരം പ്രവൃത്തികൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുള്ള റോഡ് നിർമാണത്തിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി റോഡിന്റെ പാർശ്വഭിത്തി നിർമാണത്തിനും ഓട നിർമാണത്തിനുമുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു കേന്ദ്ര ആഭ്യന്തര മന്ത്രിയ്ക്ക് നേരിട്ട് നിവേദനം നല്കിയിട്ടുണ്ട്. ഭരണാനുമതി നല്കിയവയിൽ ചില പ്രവൃത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിക്കുന്നതിനാൽ അത്തരം |

| | | | | |
|---|---|---|---|---|
| | | | | പ്രവൃത്തികൾ നടപ്പിലാക്കേണ്ടി വരുന്നില്ല. കൂടാതെ കോവിഡ്-19 മഹാമാരി, 2019, 2020, 2021 വർഷങ്ങളിൽ നടന്ന പൊതു തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടങ്ങൾ, പ്രളയക്കെടുതികൾ എന്നിവ കാരണം ചില പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. ആയത് കണക്കിലെടുത്ത് 2019 ഏപ്രിൽ 1 മുതൽ 2021 മെയ് 31 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കിയിരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നതിന് 2022 മാർച്ച് 31 വരെ സമയം നീട്ടി നല്കിയിട്ടുണ്ട്. കൂടാതെ അപ്രകാരം കരാർ വയ്ക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാർ തീയതി മുതൽ ആറ് മാസത്തെ സമയവും അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുള്ള പ്രവൃത്തികൾ എല്ലാം സംസ്ഥാന കേന്ദ്രത്തിൽ പരിശോധിക്കാനും സുതാര്യമാക്കാനുമായി ഒരു ഡാഷ് ബോർഡ് തയ്യാറാക്കാനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ